(ബി) നെൽവയൽ തരിശിടുന്നത് അവസാനിപ്പിക്കാൻ ഗവൺമെന്റ് സ്വീകരിക്കുന്ന നടപടിയുടെ ഫലമായി തരിശിടുന്നതിൽ വ്യത്യാസം വന്നിട്ടുണ്ടോ എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) നെൽകൃഷിക്കാർക്കുള്ള പമ്പിംഗ് സബ്സിഡിയും ഉൽപ്പാദന ബോണസ്സും അതത് വർഷങ്ങളിൽത്തന്നെ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നെൽകൃഷി സംരക്ഷണത്തിന് സർക്കാർ പല ക്രിയാത്മക നടപടികളും സ്വീകരിച്ചിട്ടുണ്ട്. പ്രധാന ഉൽപ്പാദനമേഖലകളെ കേന്ദ്രീകരിച്ച് 11 വികസന ഏജൻസികൾ രൂപീകരിക്കുകയും അതതിന്റെ പരിധിയിൽപ്പെടുന്ന സ്ഥലങ്ങളിലെ നെൽകൃഷി വികസനത്തിനും സംരക്ഷണത്തിനുമായി അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കുന്നതിനായി 13 കോടി രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 23,000 മിനി കിറ്റുകൾ വിതരണം ചെയ്യുന്നതിന് 5.7 ലക്ഷം രൂപയും സംയോജിത ധാന്യവികസന പദ്ധതിയായി 173 ലക്ഷം രൂപയും ചെലവഴിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. ഉൽപ്പാദന ബോണസ്, യന്ത്രവൽക്കരണം, ഗുണമേന്മയുള്ള വിത്തിനങ്ങൾ യഥാസമയം ലഭ്യമാക്കൽ, സൗജന്യ വൈദ്യുതി, കീടനിയന്ത്രണപദ്ധതി തുടങ്ങിയവ വഴി നെൽകൃഷി വികസിപ്പിക്കുന്നതിനും ലാഭകരമാക്കുന്നതിനും നടപടി സ്വീകരിച്ചുകഴിഞ്ഞു. ഇത്തരത്തിലുള്ള തുടർ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് തടയുന്നതിന് കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ നെൽകൃഷി ഊർജ്ജസ്വലമായി നിലനിർത്തുന്നതിന് ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പുനരുജ്ജീവിപ്പിച്ച് നടപ്പിലാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗവൺമെന്റ് ഉടമയിൽ നെല്ലുകുത്തി മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. യന്ത്രവൽക്കരണത്തിനാവശ്യമായ സഹായം നൽകുന്നു.

(ബി) നെൽവയൽ തരിശിടുന്നതു തടയാനുള്ള സർക്കാരിന്റെ ശ്രമങ്ങൾ ഫലപ്രദമാകുന്നുണ്ടെന്നാണ് ലഭ്യമായ വിവരം.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇവ നല്കിവരുന്നുണ്ട്. അതത് വർഷങ്ങളിൽ തന്നെ ഇവ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

പുഞ്ച സ്പെഷ്യൽ ഓഫീസുകൾ

131 (1186) ശ്രീ. ടി. എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പുഞ്ച സ്പെഷ്യൽ ഓഫീസുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ഓഫീസുകളിൽ സേവനം അനുഷ്ഠിക്കുന്ന പുഞ്ച സെപ്ഷ്യൽ ഓഫീസറുടെ അധികാരങ്ങൾ എന്തെല്ലാമാണ്; ഏത് റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് പ്രസ്തുത തസ്തികയിൽ സേവനം അനുഷ്ഠിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പുഞ്ച സ്പെഷ്യൽ ഓഫീസറുടെ അധികാരങ്ങൾ മറ്റേതെങ്കിലും ഓഫീസർക്ക് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) ഇങ്ങനെ അധികാരം കൈമാറുമ്പോൾ പ്രായോഗികമായി എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

ഉത്തരം

(എ) മൂന്ന് പുഞ്ച സ്പെഷ്യൽ ഓഫീസുകൾ നിലവിൽ ഉണ്ട്. ആലപ്പുഴ, കോട്ടയം, തൃശൂർ.

(ബി) 1967-ലെ കേരള ഇറിഗേഷൻ വർക്സ് (എക്സിക്യൂട്ടീവ് ബൈ ജോയിന്റ് ലേബർ) 20-ാം ആക്ടിലെ 4 മുതൽ 6 വരെ വകുപ്പുകളിൽ പ്രതിപാദിക്കുന്ന അധികാരങ്ങളാണ് പുഞ്ച സ്പെഷ്യൽ ഓഫീസർമാർ വിനിയോഗിക്കുന്നത്. (അനുബന്ധമായി ചേർത്തിട്ടുണ്ട്.) ആലപ്പുഴ, കോട്ടയം ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരും തൃശൂർ ജില്ലയിൽ തഹസിൽദാർ റാങ്കിലുള്ള ഉദ്യോഗസ്ഥനുമാണ് പ്രസ്തുത തസ്തികയിൽ സേവനമനുഷ്ഠിക്കുന്നത്.

(സി) 4-9-1999-ലെ ജി. ഒ. (എം.എസ്.) 246/99/കൃഷി ഉത്തരവുപ്രകാരം 1967-ലെ കേരളാ ഇറിഗേഷൻ വർക്സ് (എക്സിക്യൂഷൻ ബൈ ജോയിന്റ് ലേബർ) ആക്ടിന്റെ 3, 4 വകുപ്പുകൾ അനുസരിച്ച് പുഞ്ച സ്പെഷ്യൽ ഓഫീസർമാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ അതാതു ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് കൈമാറിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 28-9-1999-ലെ 6065/എം.വൈ2/96/ കൃഷി നമ്പർ കത്തുപ്രകാരം ആവശ്യമായ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുവരെയുള്ള കാലയളവിൽ മേൽപ്പറഞ്ഞ അധികാരങ്ങൾ പുഞ്ച സ്പെഷ്യൽ ഓഫീസർമാർക്ക് തുടർന്നും പ്രയോഗിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. പമ്പിംഗ് മുതൽ കൊയ്ത്ത് വരെയുള്ള കാര്യങ്ങൾ കർഷകർക്ക് തുടർച്ചയായി ചെയ്യേണ്ടതുകൊണ്ട് വ്യത്യസ്ത വകുപ്പുകളുടെ നിയന്ത്രണം കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്നും അതിനാൽ നെൽകൃഷി വികസനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള വിവിധ പദ്ധതികളിലൂടെ കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും പമ്പിംഗ് സബ്സിഡിയും ഒരു വകുപ്പിലൂടെ ലഭ്യമാക്കണമെന്ന കർഷകരുടെ നിരന്തരമായ ആവശ്യവും, പമ്പിംഗ് പ്രവർത്തനങ്ങളുടെ കേന്ദ്രീകൃത നടപടിക്രമങ്ങൾ കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻകീഴിൽ ആക്കണമെന്ന് ഇക്കാര്യത്തെ സംബന്ധിച്ച പഠനം നടത്തിയ വിദഗ്ധ കമ്മിറ്റിയുടെ ശുപാർശയും കണക്കിലെടുത്താണ് സർക്കാർ 4-9-1999-ലെ ജി.ഒ. (എം.എസ്.) 246/99/കൃഷി ഉത്തരവ് പുറപ്പെടുവിച്ചത്.

(ഡി) ഇല്ല. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly